REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

---

**തിയ്യതി:** 11-09-2025 **സമയം** 06.45 AM

---

## പ്രധാന വാർത്തകൾ

- **പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്ന് ഉത്തർപ്രദേശും, ഉത്തരാഖണ്ഡും സന്ദർശിക്കും.**
- **തിരുവനന്തപുരം വിമാനത്താവളത്തിൽ ഫാസ്റ്റ് ട്രാക്ക് ഇമിഗ്രേഷൻ - ട്രസ്റ്റഡ് ട്രാവലർ പ്രോഗ്രാം ആഭ്യന്തര മന്ത്രി അമിത് ഷാ രാവിലെ വെർച്വലായി ഉദ്ഘാടനം ചെയ്യും.**
- **സംസ്ഥാന അധ്യാപക അവാർഡിന്റെയും, പ്രൊഫ. ജോസഫ് മുണ്ടശേരി സ്മാരക പുരസ്കാരത്തിന്റെയും തുക വർദ്ധിപ്പിക്കുമെന്ന് മന്ത്രി V ശിവൻകുട്ടി**
- **കോഴിക്കോട്ട് രണ്ട് പേർക്ക് കൂടി അമീബിക് മസ്തിഷ്ക ജ്വരം റിപ്പോർട്ട് ചെയ്തു.**
- **ദുബായിൽ ഏഷ്യാകപ്പ് ട്വന്റി-20 ക്രിക്കറ്റിലെ ആദ്യ മത്സരത്തിൽ UAE യ്ക്കെതിരെ ഇന്ത്യയ്ക്ക് വിജയം.**

## വാർത്തകൾ വിശദമായി

**പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്ന് ഉത്തർപ്രദേശും, ഉത്തരാഖണ്ഡും സന്ദർശിക്കും. വാരണാസിയിൽ ഇന്ത്യ സന്ദർശത്തിനെത്തിയ മൗറിഷ്യസ് പ്രധാനമന്ത്രി നവീൻചന്ദ്ര റങ്കൂലത്തിന്റെ സ്വീകരണപരിപാടിയിൽ നരേന്ദ്രമോദി പങ്കെടുക്കും. തുടർന്ന് റങ്കൂലവുമായി പ്രധാനമന്ത്രി ഉഭയകക്ഷി, പങ്കാളിത്ത വിഷയങ്ങളിൽ ചർച്ച നടത്തും.**

വൈകിട്ട് ഉത്തരാഖണ്ഡിലെ പ്രളയബാധിത മേഖലകളിൽ പ്രധാനമന്ത്രി വ്യോമനിരീക്ഷണം നടത്തും. തുടർന്ന് ഉന്നതതല അവലോകന യോഗത്തിലും നരേന്ദ്രമോദി പങ്കെടുക്കും.

✪✪✪

പ്രധാനമന്ത്രി നരേന്ദ്രമോദി, ദോഹയിലെ ആക്രമണം സംബന്ധിച്ച ഇന്ത്യയുടെ ആശങ്ക ഖത്തർ അമീർ ഷേയ്ഖ് തമീം ബിൻ ഹമദ് അൽതാനിയുമായി പങ്കുവെച്ചു. അമീറുമായി ടെലഫോണിൽ സംസാരിച്ച പ്രധാനമന്ത്രി, ഖത്തറിന്റെ പരമാധികാരത്തിനുമേൽ ഉണ്ടായ ആക്രമണത്തെ അപലപിക്കുന്നതായി അറിയിച്ചു. പ്രശ്നങ്ങൾ സംഭാഷണത്തിലൂടെയും, നയതന്ത്ര നീക്കത്തിലൂടെയും പരിഹരിക്കുന്നതിനെയാണ് ഇന്ത്യയെന്നും പിന്തുണയ്ക്കുന്നതെന്ന് പ്രധാനമന്ത്രി പിന്നീട് സാമൂഹ്യമാധ്യമത്തിൽ കുറിച്ചു. സമാധാനത്തിനും, സുസ്ഥിരതയ്ക്കും വേണ്ടി നിലനിൽക്കുന്ന രാജ്യം എല്ലാത്തരം ഭീകരപ്രവർത്തനങ്ങൾക്കും എതിരാണെന്നും നരേന്ദ്രമോദി വ്യക്തമാക്കി.

✪✪✪

ISRO യും, ന്യൂ സ്പേസ് ഇന്ത്യാ ലിമിറ്റഡ്, ഹിന്ദുസ്ഥാൻ എയറോനോട്ടിക്സ് ലിമിറ്റഡ്, ഇന്ത്യൻ നാഷണൽ സ്പേസ് പ്രൊമോഷൻ ആന്റ് ഓതറൈസേഷൻ സെന്റർ എന്നിവയുമായി ചെറുകിട ഉപഗ്രഹ വിക്ഷേപണ വാഹന സാങ്കേതികവിദ്യ കൈമാറ്റ കരാർ ഒപ്പുവെച്ചു. ആഗോളതലത്തിൽ ഇത്തരം വിക്ഷേപണ വാഹനങ്ങൾക്ക് വർദ്ധിച്ചുവരുന്ന ആവശ്യകത പരിഗണിച്ചാണ് കരാർ ഒപ്പുവെച്ചതെന്ന് ISRO അറിയിച്ചു. ശ്രീഹരിക്കോട്ടയിൽ നിന്നും കുലശേഖരപട്ടണത്തെ പുതിയ വിക്ഷേപണസ്ഥലത്തു നിന്നും ഉപഗ്രഹങ്ങൾ വിക്ഷേപിക്കാൻ കഴിയും.

✪✪✪

വരുംതലമുറ GST പരിഷ്ക്കരണത്തിലൂടെ ഡ്രോണുകളുടെ നികുതി നിരക്ക് അഞ്ച് ശതമാനമാക്കിയ നടപടി വിവിധ മേഖലകളിൽ ഏറെ ഗുണപ്രദമാകുമെന്ന് വിദഗ്ധർ വിലയിരുത്തി.

ഡെസ്ക്ക് റിപ്പോർട്ട്

....(വോയ്സ്).....

നേരത്തെ 18 ശതമാനമായിരുന്നു ഡ്രോൺ മേഖലയ്ക്ക് ചുമത്തിയിരുന്ന GST നിരക്ക്. കൃഷി, ഖനനം, ചരക്കുനീക്കം, രാജ്യരക്ഷാ നിരീക്ഷണം തുടങ്ങിയ ഡ്രോൺ ഉപയോഗങ്ങൾക്ക് GST കുറച്ചതിലൂടെ വൻ വികസന സാധ്യതയാണ് പ്രതീക്ഷിക്കുന്നത്. നിർമ്മാണം, സോഫ്റ്റ്‌വെയർ വികസനം, പ്രവർത്തിപ്പിക്കൽ മേഖലകളിൽ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും GST കുറച്ച നടപടി സഹായിക്കും.

വരുംതലമുറ GST ഘടനാ മാറ്റത്തെ ഓൾ കേരള കൺസ്യൂമർ ഗുഡ്സ് ഡിസ്ട്രിബ്യൂട്ടേഴ്സ് അസോസിയേഷൻ സ്വാഗതം ചെയ്തു. ഒരേ രാജ്യം, ഒരേ നികുതി, ഒരേ വില എന്ന വാഗ്ദാനം നടപ്പാക്കി എല്ലാ മേഖലകൾക്കും ആശ്വാസം നൽകണമെന്നും അസോസിയേഷൻ ആവശ്യപ്പെട്ടു.

പെട്രോളിയം ഉല്പന്നങ്ങൾ GST പരിധിയിൽ ഉൾപ്പെടുത്തണമെന്ന് അഭ്യർത്ഥിച്ച് പ്രധാനമന്ത്രിയ്ക്കും, കേന്ദ്രമന്ത്രിമാർക്കും, കേരളത്തിലെ MP മാർക്കും  നിവേദനം നൽകിയതായി അസോസിയേഷൻ ഭാരവാഹി ഷെവലിയർ E.C ചാക്കുണ്ണി പറഞ്ഞു.

✪✪✪

തിരുവനന്തപുരം വിമാനത്താവളത്തിൽ ഇമിഗ്രേഷൻ ക്ലിയറൻസ് പ്രക്രിയ വേഗത്തിലാക്കുന്ന ഫാസ്റ്റ് ട്രാക്ക് ഇമിഗ്രേഷൻ - ട്രസ്റ്റഡ് ട്രാവലർ പ്രോഗ്രാം കേന്ദ്രമന്ത്രി അമിത് ഷാ രാവിലെ 11:30-ന് വെർച്വലായി ഉദ്ഘാടനം ചെയ്യും.

കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന് കീഴിലെ ബ്യൂറോ ഓഫ് ഇമിഗ്രേഷനാണ്  പരിപാടി നടപ്പാക്കുന്നത്. ഇതോടെ യാത്രക്കാർക്ക് ഇമിഗ്രേഷൻ ക്ലിയറൻസ് പ്രക്രിയ സുഗമമാകും. ഡൽഹി, മുംബൈ, കൊച്ചി തുടങ്ങി രാജ്യത്തെ എട്ട് വിമാനത്താവളങ്ങളിൽ നിലവിൽ ഈ സംവിധാനം ലഭ്യമാണ്.

✪✪✪

സംസ്ഥാന അധ്യാപക അവാർഡിന്റെയും, പ്രൊഫ. ജോസഫ് മുണ്ടശേരി സ്മാരക പുരസ്കാരത്തിന്റെയും തുക വർദ്ധിപ്പിക്കുമെന്ന് മന്ത്രി V ശിവൻകുട്ടി അറിയിച്ചു. തിരുവനന്തപുരത്ത് അധ്യാപക പുരസ്കാര ചടങ്ങിൽ സംസാരിക്കുകയായിരുന്നു മന്ത്രി. അധ്യാപക അവാർഡ് 10,000 രൂപയിൽ നിന്ന് 20,000 രൂപയായും, മുണ്ടശേരി പുരസ്കാരം 10,000 രൂപയിൽ നിന്ന് 25,000 രൂപയായും ഉയർത്താനാണ് തീരുമാനം.

✪✪✪

കോഴിക്കോട്ട് രണ്ട് പേർക്ക് കൂടി അമീബിക് മസ്തിഷ്ക ജ്വരം റിപ്പോർട്ട് ചെയ്തു. കോഴിക്കോട് മെഡിക്കൽ കോളെജിൽ പ്രവേശിപ്പിച്ച മലപ്പുറത്തെ പത്ത് വയസ്സുകാരിയ്ക്കും, സ്വകാര്യ ആശുപത്രിയിൽ പ്രവേശിപ്പിച്ച രാമനാട്ടുകരയിലെ 30 കാരിക്കുമാണ് പുതുതായി രോഗം സ്ഥിരീകരിച്ചത്. ഇരുവരുടേയും ആരോഗ്യ നില തൃപ്തികരമാണ്. നിലവിൽ 11 പേരാണ് കോഴിക്കോട്ട് ചികിൽസയിൽ കഴിയുന്നത്.

✪✪✪

ആലപ്പുഴയിൽ CPI സംസ്ഥാന സമ്മേളനത്തിന്റെ ഭാഗമായി സംഘടിപ്പിച്ച 'മതനിരപേക്ഷതയുടെയും ഫെഡറലിസത്തിന്റെയും ഭാവി' എന്ന സെമിനാർ മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്തു. ചടങ്ങിൽ CPI ജനറൽ സെക്രട്ടറി D. രാജ , CPI സംസ്ഥാന സെക്രട്ടറി ബിനോയ് വിശ്വം, സിനിമാ താരം പ്രകാശ് രാജ്, PP സുനീർ MP തുടങ്ങിയവർ പങ്കെടുത്തു. സമ്മേളനം നാളെ സമാപിക്കും.

✪✪✪

നിർമ്മാണം പുരോഗമിക്കുന്ന ദേശീയ പാത 66 ൽ, കണ്ണൂർ എടക്കാട്ടെ യാത്രാക്ലേശം പരിഹരിക്കാൻ മുഖ്യമന്ത്രി പിണറായി വിജയൻ ഇന്ന് ദേശീയ പാതാ അതോറിറ്റിയുമായി ചർച്ച നടത്തും.

കണ്ണൂരിൽ നിന്ന് K.O ശശിധരൻ....

.......(വോയ്സ് )......

✪✪✪

ദുബായിൽ ഏഷ്യാകപ്പ് ട്വന്റി-20 ക്രിക്കറ്റിലെ ആദ്യ മത്സരത്തിൽ ഇന്ത്യ, UAE യെ പരാജയപ്പെടുത്തി. ആദ്യം ബാറ്റു ചെയ്ത UAE, 13.1 ഓവറിൽ 57 റൺസിന് പുറത്തായി. 4.3 ഓവറിൽ ഒരു വിക്കറ്റ് നഷ്ടത്തിൽ 60 റൺസെടുത്ത് ഇന്ത്യ വിജയലക്ഷ്യം മറികടന്നു.

✪✪✪

പാലക്കാട് വടക്കഞ്ചേരിയിൽ 30-ാമത് സീനിയർ വിമൻസ് നാഷണൽ ഫുട്ബോൾ ചാമ്പ്യൻഷിപ്പ് ഇന്ന് ആരംഭിക്കും. രാജ്മാതാ ജിജാ ഭായ് ട്രോഫിയുടെ ഗ്രൂപ്പ് G മത്സരത്തിൽ തമിഴ്നാട്, പോണ്ടിച്ചേരി,

ആൻഡമാൻ നിക്കോബാർ ടീമുകൾ പങ്കെടുക്കും. ഈ മാസം 15 നാണ് അവസാന മത്സരം. ഓരോ ദിവസവും രണ്ട് മത്സരങ്ങൾ ഉണ്ടായിരിക്കും.

✪✪✪

ജില്ലാ സ്പോർട്സ് കൗൺസിൽ തെരഞ്ഞെടുപ്പിന് വിജ്ഞാപനം പ്രസിദ്ധീകരിച്ചു. കൗൺസിലിലെ തദ്ദേശ പ്രതിനിധി തെരഞ്ഞെടുപ്പ് ഒക്ടോബർ ആറിനും, പ്രസിഡന്റ്, വൈസ് പ്രസിഡന്റ്, സംസ്ഥാന സ്പോർട്സ് കൗൺസിൽ പ്രതിനിധി തെരഞ്ഞെടുപ്പ് ഒക്ടോബർ 14 നുമാണ്. ഈ മാസം 16 വരെ നാമ നിർദേശ പത്രിക സ്വീകരിക്കും.

✪✪✪

മലപ്പുറം ജില്ലാ നിക്ഷേപക സംഗമം വൈകിട്ട് മന്ത്രി P. രാജീവ് ഉദ്ഘാടനം ചെയ്യും. ജില്ലയിൽ ഒരു വർഷത്തിനകം 3,500 കോടി രൂപയുടെ നിക്ഷേപവും, 2,000 തൊഴിലവസരങ്ങളും ലക്ഷ്യമിടുന്ന നിക്ഷേപക സംഗമം ജില്ലാ വ്യവസായ കേന്ദ്രത്തിന്റെ സഹായത്തോടെയാണ് സംഘടിപ്പിക്കുന്നത്. മന്ത്രി V.അബ്ദുറഹ്മാനും മുതിർന്ന ഉദ്യോഗസ്ഥരും സംഗമത്തിൽ പങ്കെടുക്കും.

✪✪✪

മലപ്പുറം ജില്ലയിലെ ഏലംകുളം ഗ്രാമ പഞ്ചായത്തിൽ എല്ലാ വീടുകളിലും ശുദ്ധമായ കുടിവെള്ളം എന്ന ലക്ഷ്യത്തോടെ നടപ്പാക്കിയ പദ്ധതി നാളെ മന്ത്രി റോഷി അഗസ്റ്റിൻ നാടിന് സമർപ്പിക്കും. ജൽ ജീവൻ മിഷൻ മിഷനിൽ ഉൾപ്പെടുത്തി 16 കോടി 36 ലക്ഷം രൂപ ചെലവിലാണ് പദ്ധതി പൂർത്തിയാക്കിയത്.

✪✪✪

മലമ്പുഴ ഉദ്യാനം ഇന്ന് മുതൽ ഏതാനും ദിവസം അടച്ചിടുമെന്ന് ഇറിഗേഷൻ ഡിവിഷൻ എക്സിക്യൂട്ടീവ് എൻജിനീയർ അറിയിച്ചു. കേന്ദ്രഗവൺമെന്റിന്റെ സ്വദേശ് ദർശൻ-2.0 പദ്ധതിയിൽ ഉദ്യാനത്തിന്റെ നവീകരണ പ്രവർത്തനങ്ങൾ തുടങ്ങുന്നതിനെ തുടർന്നാണിത്.

✪✪✪

കൊല്ലം ജില്ലയിൽ നിന്ന് ഉച്ചയ്ക്ക് 12 മുതൽ രാത്രി 12 വരെ മൽസ്യബന്ധന ബോട്ടുകൾ കടലിൽ പോകുന്നതിന് വിലക്ക് ഏർപ്പെടുത്തും. ഈ മാസം 30 വരെയാണ് നിയന്ത്രണം. കടലിൽ

രാത്രികാല നിയമവിരുദ്ധ മൽസ്യബന്ധന രീതികൾ വ്യാപകമാണെന്ന പരാതിയുടെ അടിസ്ഥാനത്തിലാണ് നടപടി.

✪✪✪

താമരശ്ശേരി ചുരം റോഡിൽ മണ്ണിടിച്ചിലുണ്ടായ സ്ഥലം കോഴിക്കോട് NIT യിലെ വിദഗ്ധ സംഘം പരിശോധിച്ചു. ഡ്രോൺ ഉൾപ്പെടെ ആധുനിക സംവിധാനങ്ങൾ ഉപയോഗിച്ച് മണ്ണിടിച്ചിലുണ്ടായ ഭാഗത്തിന്റെ ദൃശ്യങ്ങൾ ശേഖരിച്ചു. ഭാവിയിൽ ഉണ്ടായേക്കാവുന്ന മണ്ണിടിച്ചിൽ സാധ്യതയും, ആഘാത സാധ്യതയും അടക്കം കാര്യങ്ങൾ സംഘം തയ്യാറാക്കും.

✪✪✪

ആഗോള അയ്യപ്പ സംഗമം, തദ്ദേശ സ്ഥാപനങ്ങളിലെ ഫണ്ട് ഉപയോഗിച്ച് നടത്തുന്ന വികസനസദസ്സ് എന്നീ വിഷയങ്ങളിലെ UDF ന്റെ സംസ്ഥാന നയ വിശദീകരണ കൺവെൻഷൻ വൈകിട്ട് കോഴിക്കോട്ട് ചേരും. പ്രതിപക്ഷ നേതാവ് VD സതീശൻ, ഉപനേതാവ് P.K കുഞ്ഞാലിക്കുട്ടി, UDF കൺവീനർ അടൂർ പ്രകാശ് തുടങ്ങിയവർ പങ്കെടുക്കും. തദ്ദേശ സ്ഥാപനങ്ങളിലെ ഭാരവാഹികളും, UDF ജില്ലാ-മണ്ഡലം ഭാരവാഹികളും കൺവൻഷനിൽ പങ്കെടുക്കും.

✪✪✪

ഓണത്തോട് അനുബന്ധിച്ച് ഫിഷറീസ് വകുപ്പ് നടത്തിയ കണ്ണൂർ ജില്ലയിൽ 'നല്ലോണം മീനോണം' പരിപാടിയിൽ 46 മത്സ്യകുളങ്ങളിൽ നിന്ന് 7,712 കിലോ മത്സ്യം വിളവെടുത്തു. പ്രധാൻമന്ത്രി മത്സ്യ സമ്പദാ യോജന, ജനകീയ മത്സ്യകൃഷി, ഒരു മീൻ തോട്ടം തുടങ്ങിയ പദ്ധതികളിൽ ഉൾപ്പെട്ട കർഷകരുടെ മത്സ്യങ്ങളാണ് വിളവെടുത്തത്.

✪✪✪

കിണറുകളിലെയും, കുടിവെള്ള സ്രോതസ്സുകളിലെയും വെള്ളം വിദ്യാലയങ്ങളിൽ സജ്ജീകരിച്ച ഗുണനിലവാര ലാബുകളിൽ പരിശോധിച്ച് മാലിന്യമുക്തമെന്ന് ഉറപ്പാക്കണമെന്ന് കാസർകോട് ജില്ലാപഞ്ചായത്ത് പ്രസിഡണ്ട് P ബേബി ബാലകൃഷ്ണൻ പറഞ്ഞു. അമീബിക് മസ്തിഷ്ക ജ്വരത്തിനെതിരായ കാമ്പയിനിൽ എല്ലാവരും പങ്കാളികളാകണമെന്നും, ജാഗ്രത പുലർത്തണമെന്നും നവകേരളം കർമ്മ പദ്ധതി ജില്ലാമിഷൻ യോഗത്തിൽ അവർ ആവശ്യപ്പെട്ടു.

✪✪✪

**കണ്ണൂർ നഗരത്തിലെയും, പരിസരത്തെയും തെരുവുകച്ചവടം വർദ്ധിക്കുന്നത് നിയന്ത്രിക്കാൻ സ്വീകരിച്ച നടപടികൾ രണ്ടു മാസത്തിനകം അറിയിക്കണമെന്ന് മനുഷ്യാവകാശ കമ്മീഷൻ ജുഡീഷ്യൽ അംഗം K. ബൈജുനാഥ് ഉത്തരവിട്ടു. പയ്യാമ്പലം ബീച്ച് പരിസരത്ത് റോഡരികിലെ തട്ടുകടകളുടെ എണ്ണം ക്രമാതീതമായി വർധിക്കുന്നതിനെതിരെ നടപടി ആവശ്യപ്പെട്ട് സമർപ്പിച്ച പരാതിയിലാണ് നിർദ്ദേശം.**

✪✪✪

**ഗോത്ര സമൂഹങ്ങളുൾപ്പെടെ വിഭാഗങ്ങളുടെ ഭക്ഷ്യഭദ്രത ഉറപ്പുവരുത്തണമെന്ന് സംസ്ഥാന ഭക്ഷ്യ കമ്മിഷൻ ചെയർപേഴ്സൺ ഡോ. ജിനു സക്കറിയ ഉമ്മൻ പറഞ്ഞു. അങ്കണവാടികളിലും സ്കൂളുകളിലും ഉപയോഗിക്കുന്ന വെള്ളത്തിന്റെ ശുദ്ധി ഉറപ്പുവരുത്തണമെന്നും അദ്ദേഹം കാസർകോട്ട് ആവശ്യപ്പെട്ടു.**

✪✪✪

---

*News Editor : വി കെ സുരേഷ്*
*News Reader:അനിൽ ചന്ദ്രൻ*
*NRT s: അനുഷ ആത്മപ്രകാശ്*
*DEO : ഷീബ*